REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ കാലതാമസം ചെലവ് വർധനയ്ക്കും ആനുകൂല്യ നഷ്ടത്തിനും കാരണമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിച്ച് ഖജനാവ് നിറയ്ക്കുക എന്നതാണ് ഗവൺമെന്റ് സമീപനമെന്ന് മുഖ്യമന്ത്രി V.D സതീശൻ.**
- **കഴിഞ്ഞ 10 വർഷത്തെ കണക്കനുസരിച്ച് ഈ വർഷം ഷിഗെല്ല ഒഴികെ പകർച്ചവ്യാധികളൊന്നും വർദ്ധിച്ചിട്ടില്ലെന്ന് മന്ത്രി K.മുരളീധരൻ.**
- **രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് സി മത്സരത്തിൽ ബ്രസീലിന് ജയം. ഗ്രൂപ്പ് എ മത്സരങ്ങൾ പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലെ കാലതാമസം ചെലവ് വർധനയ്ക്ക് കാരണമാകുമെന്നും പൗരന്മാർക്കും വ്യവസായങ്ങൾക്കും സമയബന്ധിതമായ ആനുകൂല്യങ്ങൾ നഷ്ടമാക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ പ്രഗതിയുടെ 52-ാമത് യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിക്കാനും പദ്ധതി നിർവഹണത്തിന്റെ സൂക്ഷ്മ നിരീക്ഷണം ഉറപ്പാക്കാനും ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്കും സംസ്ഥാന ഗവൺമെന്റുകൾക്കും പ്രധാനമന്ത്രി നിർദേശം നൽകി. അടിസ്ഥാന സൗകര്യ

പദ്ധതികളുടെ കാര്യക്ഷമമായ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണത്തിനും P.M ഗതിശക്തി നാഷണൽ മാസ്റ്റർ പ്ലാൻ ഫലപ്രദമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി എടുത്തു പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ വികസന പദ്ധതികളും പൊതുജനങ്ങളുടെ പരാതികളും യോഗം അവലോകനംചെയ്തു.

✪✪✪

പാർലമെന്റ് തിരഞ്ഞെടുപ്പിൽ വിജയിച്ച അർമേനിയൻ പ്രധാനമന്ത്രി നിക്കോൾ പഷിനിയാനും അദ്ദേഹത്തിന്റെ പാർട്ടിക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ടെലിഫോണിലൂടെ അഭിനന്ദനം അറിയിച്ചു. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ ഇറാനിൽ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കാൻ സൗകര്യമൊരുക്കിയതിന് പ്രധാനമന്ത്രി അദ്ദേഹത്തിന് നന്ദി അറിയിച്ചു. ഇന്ത്യയും അർമേനിയയും തമ്മിൽ ഊഷ്മളവും ബഹുമുഖവുമായ പങ്കാളിത്തം പ്രധാന മേഖലകളിൽ വ്യാപിപ്പിക്കുന്നതിന്പരസ്പരം പ്രതിബദ്ധത അറിയിച്ചതായി പ്രധാനമന്ത്രി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. രാജ്യത്തെ മയക്കുമരുന്ന് കടത്തും മയക്കുമരുന്ന് ദുരുപയോഗവും ചെറുക്കാൻ ആവശ്യമായ ശ്രമങ്ങൾ അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായാണ് യോഗം സംഘടിപ്പിക്കുന്നതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

✪✪✪

ഡൽഹിയിൽ നിന്ന് അമൃത്സറിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ വിമാനം പാക് വ്യോമാതിർത്തിയിൽ പ്രവേശിച്ചതായി വ്യോമയാന മന്ത്രാലയം സ്ഥിരീകരിച്ചു. തിങ്കളാഴ്ച രാത്രി അമൃത്സർ വിമാനത്താവളത്തിൽ ഇറങ്ങാൻ ശ്രമിക്കുന്നതിനിടെയായിരുന്നു സംഭവം.

ഇക്കാര്യം അധികൃതരെ അറിയിക്കാതിരുന്നതിന് അമൃത്സറിലെ ബന്ധപ്പെട്ട എയർ ട്രാഫിക് കൺട്രോളർക്കും ഓപ്പറേറ്റിംഗ് ക്രൂവിനുമെതിരെ താൽക്കാലിക അച്ചടക്ക നടപടി സ്വീകരിച്ചതായി മന്ത്രാലയം അറിയിച്ചു. മറ്റൊരു വിമാനത്തിൽ പക്ഷിയിടിച്ചതിനെത്തുടർന്ന് റൺവേയിൽ പരിശോധന നടക്കുന്നതിനാൽ എയർ ട്രാഫിക് കൺട്രോൾ വിമാനത്തോട് ലാൻഡിംഗ് മാറ്റിവെച്ച് വട്ടമിട്ടു പറക്കാൻ നിർദേശിച്ചതിനിടെയാണ് വിമാനം അബദ്ധത്തിൽ പാക് വ്യോമമേഖലയിലേക്ക് കടന്നത്. പാകിസ്താൻ എടിസി അധികൃതരുമായി പ്രവർത്തനം ഏകോപിപ്പിച്ചതായി മന്ത്രാലയം വ്യക്തമാക്കി.

✪✪✪

സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിച്ച് ഖജനാവ് നിറയ്ക്കുക എന്നതാണ് ഗവൺമെന്റ് സമീപനമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു. കൃത്യമായ നികുതി ഭരണത്തിലൂടെയും ഖജനാവിന്റെ ചോർച്ച തടഞ്ഞും ജനങ്ങൾക്ക് മേൽ നികുതി ഭാരം കെട്ടിവയ്ക്കാതെ ഗവണ്മെന്റ് മുന്നോട്ടു പോകുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് ഗവൺമെന്റ് നയമല്ലെന്നും കൃത്യമായ പദ്ധതികളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തമാക്കുകയും ലാഭകരമാക്കുകയുമാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും VD സതീശൻ വ്യക്തമാക്കി.

✪✪✪

കഴിഞ്ഞ 10 വർഷത്തെ കണക്കനുസരിച്ച് ഈ വർഷം ഷിഗെല്ല ഒഴികെ മറ്റൊരു പകർച്ചവ്യാധിയും വർദ്ധിച്ചിട്ടില്ലെന്ന് മന്ത്രി K.മുരളീധരൻ അറിയിച്ചു. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, മലമ്പനി എന്നിവ മുൻ വർഷങ്ങളേക്കാൾ കുറവാണ് ഈ വർഷം റിപ്പോർട്ട് ചെയ്തതെന്നും മന്ത്രി പറഞ്ഞു.

ഇതുവരെ 241 ഷിഗെല്ല കേസുകളാണ് റിപ്പോർട്ട് ചെയ്തതെന്നും 7 പേർ രോഗം ബാധിച്ച് മരിച്ചെന്നും കെ.മുരളീധരൻ പറഞ്ഞു. കോഴിക്കോട് ജില്ലയിൽ ഇന്നലെ ഒരാൾക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു.

✪✪✪

സംസ്ഥാനത്ത് നിപ പ്രതിരോധ നടപടികൾ ശക്തമായി തുടരുന്നതായി മന്ത്രി K. മുരളീധരൻ അറിയിച്ചു. നിപ രോഗബാധിതന്റെ സമ്പർക്കപ്പട്ടികയിലെ ആരെയും പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു. നിലവിൽ വളരെ ഉയർന്ന റിസ്ക് ഭാഗത്തിൽപ്പെട്ട 4 പേരും, ഉയർന്ന റിസ്ക് വഭാഗത്തിൽ പെട്ട 14 പേരും ക്വാറന്റൈനിലാണ്. കുറഞ്ഞ റിസ്ക് ഭാഗത്തിൽപ്പെട്ട 75 പേരും നിരീക്ഷണത്തിൽ കഴിയുന്നുണ്ട്.

നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുകയാണ്.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ 86 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ ഇന്നലെ സന്ദർശനം നടത്തി.

✪✪✪

സംസ്ഥാനത്ത് പൾസ് പോളിയോ തുള്ളി മരുന്ന് ഞായറാഴ്ച വിതരണം ചെയ്യുമെന്ന് മന്ത്രി കെ. മുരളീധരൻ അറിയിച്ചു. പരിപാടിയുടെ

ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ട് . അഞ്ചുവയസ്സിനു താഴെ പ്രായക്കാരായ എല്ലാ കുഞ്ഞുങ്ങൾക്കും ഓരോ ഡോസ് തുള്ളിമരുന്ന് നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

അഞ്ചുവയസ്സിനു താഴെ പ്രായക്കാരായ 19 ലക്ഷത്തി 80,224 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിനായി 22,288 ബൂത്തുകൾ സജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധപ്രവർത്തകരെയും പരിശീലനം നൽകി നിയോഗിക്കും.

സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നകുന്നതിനു 539 ട്രാൻസിറ്റ് ബൂത്തുകൾ, 283 മൊബൈൽ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും.

✪✪✪

സംസ്ഥാനത്തെ 14 ആരോഗ്യസ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി K.മുരളീധരൻ അറിയിച്ചു. തൃശൂർ ഇരിഞ്ഞാലക്കുട ജനറൽ ആശുപത്രിക്ക് ലക്ഷ്യ, മുസ്കാൻ സർട്ടിഫിക്കേഷനുകൾ ലഭിച്ചു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുസ്കാൻ സർട്ടിഫിക്കേഷനും ലഭിച്ചു.

✪✪✪

ഗോത്രബന്ധു പദ്ധതി പ്രകാരം സേവനമനുഷ്ഠിക്കുന്ന മെന്റർ അധ്യാപകരെ പിരിച്ചുവിട്ടു എന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രി K.A തുളസി പറഞ്ഞു. കരാർ കാലാവധി അവസാനിച്ചതിനെയാണ് പിരിച്ചുവിടലായി ചിത്രീകരിക്കുന്നതെന്ന് നിയമസഭയിൽ മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ ഗവൺമെന്റ് നിയമനങ്ങൾക്ക് കൃത്യമായ നയങ്ങളുണ്ടെന്നും മെന്റർ ടീച്ചർമാരുടെ വിജ്ഞാപനവും നടപടികളും PSC മാർഗനിർദേശങ്ങൾ അനുസരിച്ചാണ് നടപ്പാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു. 1975 ജൂൺ 25-ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ ഓർമ്മപ്പെടുത്തലായാണ് എല്ലാ വർഷവും ജൂൺ 25-ന് സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുന്നത്. അടിയന്തരാവസ്ഥക്കാലത്ത് ദുരിതമനുഭവിച്ചവരെ ആദരിക്കാനും, ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവൽക്കരിക്കാനുമാണ് ദിനാചരണം.

✪✪✪

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ ഇന്നലെ 133 കേസുകൾ രജിസ്റ്റർ ചെയ്തു. 139 പേർ അറസ്റ്റിലായി. ഇവരിൽ നിന്ന് 71 ഗ്രാമിലധികം MDMA യും, 3 കിലോയിലധികം കഞ്ചാവും 0.4 ഗ്രാം ഹെറോയിനും രണ്ട് കഞ്ചാവ് ചെടിയും പിടിച്ചെടുത്തു.

ഇതുവരെ 3,790 കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആകെ 4070 അറസ്റ്റുകളും നടന്നു.

✪✪✪

കണ്ണൂർ പുതിയങ്ങാടിയിൽ ഫിഷിങ് ഹാർബർ നിർമ്മിക്കുന്നതിനെ കുറിച്ച് സാധ്യതാ പഠനം നടത്തുമെന്ന് മന്ത്രി V.E മന്ത്രി അബ്ദുൾ ഗഫൂർ അറിയിച്ചു. ഈ ആവശ്യമുന്നയിച്ചു M വിജിൻ MLA നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷന് മറുപടി പറയുകയായിരുന്നു മന്ത്രി.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് സി മത്സരത്തിൽ ബ്രസീലിന് ജയം. മിയാമി സ്റ്റേഡിയത്തിൽ പുലർച്ചെ എതിരില്ലാത്ത മൂന്നു ഗോളിന് സ്കോട്ട്ലാന്റിനെയാണ് ബ്രസീൽ പരാജയപ്പെടുത്തിയത്. ഇതേ ഗ്രൂപ്പിൽ അറ്റ്ലാന്റയിൽ നടന്ന മറ്റൊരു മത്സരത്തിൽ മൊറോക്കോ, രണ്ടിനെതിരെ നാലു ഗോളിന് ഹെയ്തിയെ പരാജയപ്പെടുത്തി.

ഗ്രൂപ്പ് ബി മത്സരത്തിൽ ബോസ്നിയ-ഹെർസെഗോവിന ഒന്നിനെതിരെ മൂന്നു ഗോളിന് ഖത്തറിനെയും സ്വിറ്റ്സർലാന്റ് ഒന്നിനെതിരെ രണ്ട് ഗോളിന് കാനഡയെയും തോൽപ്പിച്ചു.

ഗ്രൂപ്പ് എ മത്സരങ്ങൾ ഇപ്പോൾ പുരോഗമിക്കുകയാണ്. സൗത്ത് ആഫ്രിക്ക, സൗത്ത് കൊറിയയെയും മെക്സിക്കോ, ചെക്കിയയെയും നേരിടുകയാണ്.

വിശദാംശങ്ങളുമായി സുരേഷ് എടപ്പാൾ....

.........(വോയ്സ്)....

✪✪✪

I.C.C വനിതാ ട്വന്റി- 20 ലോകകപ്പ് ഗ്രൂപ്പ് A മത്സരത്തിൽ ഇന്ന് മാഞ്ചസ്റ്ററിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം വൈകിട്ട് ഏഴിനാണ് മത്സരം. ഹർമൻപ്രീത് കൗർ നയിക്കുന്ന ടീം, ഗ്രൂപ്പ് എയിൽ നിലവിൽ രണ്ടാം സ്ഥാനത്താണ്.

✪✪✪

തിരുവനന്തപുരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിൽ തരിശായി കിടക്കുന്ന പള്ളിപ്പുറം പാടശേഖരം പുനരുജ്ജീവിപ്പിച്ച് 125 ഏക്കറിൽ നെൽകൃഷിയിറക്കുന്നതിന്റെ വിതയുൽസവം ഇന്ന് മന്ത്രി T.സിദ്ദിഖ് ഉദ്ഘാടനം ചെയ്യും. "പുനർജ്ജനി" പദ്ധതിയിലൂടെയാണ് പാടശേഖരത്തിന് പുതുജീവൻ നൽകുന്നത്.

✪✪✪

മലപ്പുറം ജില്ലയിൽ ഈ മാസം പനി ബാധിച്ച് വിവിധ ആശുപത്രികളിൽ ചികിത്സതേടിയവരുടെ എണ്ണം അരലക്ഷം കടന്നു. ബുധനാഴ്ച വരെ 51,436 പേർ പനിബാധിതരായി ഒപി ചികിത്സ തേടിയിട്ടുണ്ട്. 186 പേരെ കിടത്തിച്ചികിത്സയ്ക്കും വിധേയമാക്കി.

✪✪✪

കേന്ദ്രീയ വിദ്യാലയങ്ങൾക്കായി സംഘടിപ്പിച്ച 36-ാമത് ദേശീയ യുവജന പാർലമെന്റ് മത്സരത്തിന്റെ സമ്മാനങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കേരളത്തിൽ നിന്ന് - തിരുവനന്തപുരം പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയം പുരസ്ക്കാരം സ്വീകരിക്കും.

✪✪✪

---

*News Editor : ശ്രുതി എം*
*News Reader: അബ്ദുൽ കബീർ*
*News Team: ഫസ്ന ഫാത്തിമ*
*DEO: ഷീബ*